LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതി

338 (1004) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കുന്ന കണയംകോട്-ബാലുശ്ശേരി-വയലിട-കക്കയം ടൂറിസം കോറിഡോർ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ബി) ഇത് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത് ;

(സി) സ്വകാര്യ വ്യക്തികൾ ആരാധനാലയങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് എത്ര ഭൂമി സൗജന്യമായി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട് ?

ഉത്തരം

(എ &ബി) ഈ പദ്ധതിയുടെ പല ഘടകങ്ങളും ടൂറിസം വകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടവയല്ല. എന്നിരുന്നാലും ഈ മേഖലയിലെ കക്കയം ഒരു പ്രധാന ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്നതിന്റെ ആദ്യപടിയായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേക്കായി IL&FS Environmental and Infrastructure Ltd. എന്ന കണസൾട്ടന്റിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ഇപ്രകാരമുള്ള സ്ഥിതിവിവര കണക്ക് ഇപ്പോൾ ലഭ്യമല്ല

കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ച ടൂറിസം പദ്ധതി

339 (1005) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലും, ചെറുവത്തൂർ വീരമലയിലും ടൂറിസം പദ്ധതി പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തുടർനടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വീരമലക്കുന്ന് ടൂറിസം പദ്ധതിപ്രദേശം വനം വകുപ്പിന്റെ അധീനതയിലുള്ളതായതിനാൽ ടി പ്രദേശത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ പദ്ധതി നടപ്പാക്കേണ്ട വലിയപറമ്പിൽ സർക്കാർ വക സ്ഥലവും ലഭ്യമല്ല.